പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 681

11.07.2014 ൽ മറുപടിക്ക്

## ഇന്ധനങ്ങളിലെ മായം കലർത്തൽ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ:<br>,, എ.എ. അസീസ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന് സംസ്ഥാനത്തെ പെട്രോൾ പമ്പുകളിലെ ഇന്ധനങ്ങളിൽ മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (എ) & (ബി) കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിന്റെ 2005 ലെ മോട്ടോർ സ്പിരിറ്റ് & ഹൈ സ്പീഡ് ഡീസൽ ഓയിൽ (റഗുലേഷൻ ഓഫ് സപ്ലൈ, ഡിസ്ട്രിബ്യൂഷൻ & പ്രിവൻഷൻ ഓഫ് മാൽപ്രാക്ടീസസ്) നിയമത്തിലെ ഏഴാം വകുപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും, ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം നല്കിക്കൊണ്ട് വിജ്ഞാപനം എസ്.ആർ.ഒ. നം.311/2014 ആയി (ജി.ഒ.(പി) നം.16/2014/ എഫ്&സി.എസ്.ഡി. തീയതി 20.05.2014) പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ